**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1963** **29-07-2021 - ൽ മറുപടിയ്ക്ക്**

**പറമ്പിക്കുളം ആദിവാസി ഊരുകളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പറമ്പിക്കുളം ആദിവാസി ഊരുകളിൽ വൈദ്യുതി ലഭിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പറമ്പിക്കുളം മേഖലയിലെ അല്ലിമൂപ്പൻ , 30 ഏക്കർ , ഒറവൻപാടി, കച്ചിത്തോട്, കുരിയകുറ്റി എന്നീ ആദിവാസി കോളനികളിൽ ഗ്രിഡ് വൈദ്യുതിയില്ല എന്നുള്ളതു ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എന്നാൽ ഈ കോളനികളിൽ 2017 ലെ സമ്പൂർണ്ണ വൈദ്യുതീ കരണ പദ്ധതിയിലുൾപ്പെടുത്തി സോളാർ പാനൽ വച്ച് വികേന്ദ്രീകൃത വൈദ്യുതീകരണത്തിലൂടെ KSEBL (കൺസ്യൂമർ നമ്പർ ഉൾപ്പെടെ നൽകി KSEBL ന്റെ ഉപഭോക്താക്കളാക്കികൊണ്ടു) വൈദ്യുതി എത്തിച്ചിരുന്നു. |
| (ബി) | ഈ മേഖലയിൽ ഭൂഗർഭ വൈദ്യുത ലൈൻ സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | ഈ മേഖലയിൽ ഗ്രിഡ് വൈദ്യുതി എത്തിയ്ക്കുന്നതിനു ഏറ്റവും എളുപ്പമുള്ള മാർഗ്ഗം സമീപത്തു ലഭ്യമുള്ള തമിഴ് നാട് ഗ്രിഡിൽ നിന്നും വൈദ്യുതി എത്തിക്കുന്നതായിരുന്നു. KSEBL ന്റെ ഗ്രിഡ് വൈദ്യുതി എത്തിയ്ക്കുന്നതിനു റോഡ് സൌകര്യങ്ങൾ ലഭ്യമല്ലാത്ത വനമേഖലയായ മലമുകളിൽ കൂടി ഏകദേശം 10 കിലോമീറ്റർ ലൈൻ/കേബിൾ വലിക്കേണ്ടതായിട്ടുണ്ടായിരുന്നു. അതിനാലാണ് പ്രസ്തുത കോളനികളിൽ സോളാർ വൈദ്യുതി നൽകിയി രുന്നത്. ഇപ്പോൾ ഈ പ്രദേശത്തേയ്ക്കുള്ള റോഡിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ഈ റോഡിൽ കൂടി അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിച്ച് വൈദ്യുതി എത്തിയ്ക്കുന്നതിനുള്ള സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്തു വരുന്നു. ഭൂഗർഭ ലൈൻ സ്ഥാപിച്ച് വൈദ്യുതീകരണം പൂർത്തീകരിക്കുന്നതിന് വനംവകുപ്പിന്റെ അനുമതി, വൈദ്യുതീകരണത്തിനു ആവശ്യമായ തുക എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ പ്രവൃത്തി പൂർത്തിയാ ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ